വിവരാവകാശം/മറുപടി

നം. ഇ6-12027/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി – 07/03/2017
Email - swdkerala@gmail.com
Phone - 0471 – 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,

ശ്രീ. ദേവദാസൻ . പി
പെരിക്കാത്ര വീട്
പണിക്കർ പോയിൽ
കാപ്പിൽ പോസ്റ്റ്,
വണ്ടൂർ വഴി,
മലപ്പുറം 679328

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് – ജീവനക്കാര്യം – വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന :- താങ്കളുടെ 7.02.2017 ലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ.

2005 ലെ വിവരാവകാശ നിയമ പ്രകാരമുള്ള താങ്കളുടെ അപേക്ഷയിന്മേലുള്ള മറുപടി ചുവടെ ചേർക്കുന്നു.

1. സാമൂഹ്യനീതി വകുപ്പിലെ ആസ്ഥാന കാര്യാലയത്തിലെ അനുവദനീയമായ ലാസ്റ്റ് ഗ്രേഡ്, LDC, LD Typist തസ്തികകളുടെ വിശദാംശങ്ങൾ.

| തസ്തിക | അനുവദനീയ എണ്ണം | ഒഴിവുകൾ | ഒഴിവ് നിലവിൽ വന്ന തീയതി |
|---|---|---|---|
| ഓഫീസ് അറ്റൻഡന്റ് | 13 | ഇല്ല | - |
| വാച്ച്മാൻ | 2 | ഇല്ല | - |
| LD ക്ലാർക്ക് | 52 | 3 | 17.12.2016 (2), 16.01.2017 |
| LD ടൈപ്പിസ്റ്റ് | 11 | ഇല്ല | - |

Dh/-

a. 2016 ജനവരി 1 ന ശേഷം ആസ്ഥാന കാര്യാലയത്തിൽ ലാസ്റ്റ് ഗ്രേഡ്, LDC, LD ടൈപ്പിസ്റ്റ് തസ്തികയിൽ ജോലി നോക്കിയിരുന്ന ആർക്കും തന്നെ മലപ്പുറം ജില്ലയിലേക്ക് സ്ഥലം മാറ്റം നൽകിയിട്ടില്ല.

b. റിട്ടയർമെന്റ്, തസ്തികമാറ്റം, പ്രൊമോഷൻ, ജീവനക്കാർ വകുപ്പിൽ നിന്നും വിടുതൽ ചെയ്തു പോകുന്നത് എന്നിവ മൂലമുണ്ടാകുന്ന ഒഴിവുകൾ ജില്ലാ PSC ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്തു വരുന്നു.

c. LD ക്ലാർക്ക്, LD ടൈപ്പിസ്റ്റ് തസ്തികകളിൽ ഹെഡ്ക്വാർട്ടർ വേക്കൻസി ഇല്ല. ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ വാച്ച്മാന്റെ ഒരു ഹെഡ്ക്വാർട്ടർ ഒഴിവാണുള്ളത്. ആയത് PSC സെക്രട്ടറിയ്ക്കാണ് റിപ്പോർട്ട് ചെയ്യുന്നത്. വാച്ച്മാന്റെ ഹെഡ്ക്വാർട്ടർ ഒഴിവ് (ഒന്ന്) PSC സെക്രട്ടറിയ്ക്ക് 1.11.2014 ലെ E6-3676/14 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. ഇല്ല. സേവനാവകാശ നിയമം അനുസരിച്ച് സാമൂഹ്യനീതി വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ PSC യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതും കൂടി ഉൾപ്പെടുത്തി ഭേദഗതി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

3. LD ക്ലാർക്ക്, LD ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് 10 % വകുപ്പുതലത്തിൽ ബൈ ട്രാൻസ്ഫർ നിയമനം നൽകുന്നതിനായി സീനിയോറിറ്റി ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. LDC തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ നിയമനം നൽകുന്നതിനാൽ ക്ലാസ് IV വിഭാഗം ജീവനക്കാരുടെ അന്തിമ ജില്ലാ തല സംയുക്ത സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചത് 02.02.2017 തീയതിയിലും LD ടൈപ്പിസ്റ്റ് തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ നിയമനം നൽകുന്നതിനായി ക്ലാസ് IV വിഭാഗം ജീവനക്കാരുടെ അന്തിമ സംസ്ഥാന തല സംയുക്ത സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചത് 06.10.2016 തീയതിയിലുമാണ്.

a. ക്ലാർക്ക് തസ്തികയിലെ അംഗബലം എല്ലാ ജില്ലകളിലും 10% ത്തിനു മുകളിൽ ഉള്ളതിനാൽ ക്ലാർക്ക് തസ്തികയിലേക്കുള്ള ബൈ ട്രാൻസ്ഫർ നിയമനത്തിന് ജില്ലാ തല സംയുക്ത സീനിയോറിറ്റി ലിസ്റ്റും ടൈപ്പിസ്റ്റ് തസ്തികയിലെ അംഗബലം എല്ലാ ജില്ലയിലും 10% ഇല്ലാത്തതിനാൽ ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള ബൈ ട്രാൻസ്ഫർ നിയമനത്തിന് സംസ്ഥാന തല സംയുക്ത സീനിയോറിറ്റി ലിസ്റ്റുമാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

b. ഇല്ല.

c. LD ക്ലാർക്ക് തസ്തികയിലേക്കുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം -39
2. കൊല്ലം – 15
3. പത്തനംതിട്ട – 12
4. ആലപ്പുഴ – 27
5. കോട്ടയം – 17
6. ഇടുക്കി – 9
7. എറണാകുളം – 26
8. തൃശ്ശൂർ – 19

Dh/-

9. പാലക്കാട് – 17
10. മലപ്പുറം – 23
11. കോഴിക്കോട് – 39
12. വയനാട് – 6
13. കണ്ണൂർ – 18
14. കാസർകോഡ് – 14

LD ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ എണ്ണം – 282

d. ലഭ്യമാണ്.

e. വകുപ്പുതല ബൈ ട്രാൻസ്ഫർ മുഖേന പ്രൊമോഷൻ നൽകാൻ ക്ലാർക്ക് തസ്തികയിൽ ഒന്ന്, LD ടൈപ്പിസ്റ്റ് തസ്തികയിൽ 2 എന്നിങ്ങനെ ബാക്കിയുണ്ട്.

4. മലപ്പുറം ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ 180 ദിവസത്തിലധികം ശൂന്യവേതനാവധിയിൽ ഉള്ള ജീവനക്കാരില്ല.

a. ബാധകമല്ല.

5. മലപ്പുറം ജില്ലയിൽ അനുവദനീയമായ ലാസ്റ്റ് ഗ്രേഡ്, LD ക്ലർക്ക്, LD Typist തസ്തികകളുടെ വിശദാംശങ്ങൾ.

| നം | തസ്തിക | അനുവദനീയ എണ്ണം |
|---|---|---|
| 1 | ലാസ്റ്റ് ഗ്രേഡ് | 48 |
| 2 | LD ക്ലാർക്ക് | 20 |
| 3 | LD ടൈപ്പിസ്റ്റ് | 9 |

a. LD ക്ലാർക്ക്, LD ടൈപ്പിസ്റ്റ് തസ്തികകളിൽ മലപ്പുറം ജില്ലയിൽ നിലവിലുള്ള ഒഴിവില്ല.

ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ വാച്ച്മാന്റെ 3 ഒഴിവുകളുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| നം | തസ്തിക | കാര്യാലയം | ഒഴിവ് നിലവിൽ വന്ന തീയതി |
|---|---|---|---|
| 1 | വാച്ച്മാൻ | ICDS തിരൂരങ്ങാടി | 21.10.2016 |
| 2 | വാച്ച്മാൻ | ICDS നിലമ്പൂർ | 16.11.2016 |
| 3 | വാച്ച്മാൻ | റസ്ക്യൂ ഹോം തവനൂർ | 10.01.2017 |

മേൽ ഒഴിവുകൾ PSC യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന നടപടികൾ നടന്നുവരുന്നു.

b. ലാസ്റ്റ് ഗ്രേഡ്, LD ടൈപ്പിസ്റ്റ് തസ്തികകളിലായി 2018 ഡിസംബർ 31 ന മുമ്പ് വിരമിക്കുന്ന മൂന്ന് ജീവനക്കാരുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Dh/-

| ക്രമ നം | തസ്തിക | വിരമിക്കുന്ന ഉദ്യോഗസ്ഥന്റെ പേര് | നിലവിൽ ജോലി ചെയ്യുന്ന കാര്യാലയം | വിരമിക്കൽ തീയതി |
|---|---|---|---|---|
| 1 | ഓഫീസ് അറ്റൻഡന്റ് | ശ്രീ. ശിവദാസൻ എം | ജില്ലാ സാമൂഹ്യനീതി ഓഫീസ്, മലപ്പുറം | 30.04.2017 |
| 2 | ഓഫീസ് അറ്റൻഡന്റ് | ശ്രീ. പി . അപ്പുണ്ണി | ICDS മലപ്പുറം അർബൻ | 30.04.2018 |
| 3 | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | ശ്രീമതി. സതീദേവി മണത്താൻതൊടി | ICDS മലപ്പുറം അർബൻ | 31.03.2017 |

c. പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

d. 2017 ഡിസംബർ 31 ന മുമ്പായി ഉണ്ടാകാവുന്ന 2 പ്രതീക്ഷിത ഒഴിവുകൾ PSC യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തസ്തിക | വിരമിക്കൽ തീയതി |
|---|---|---|
| 1 | ഓഫീസ് അറ്റൻഡന്റ് | 30.4.2017 |
| 3 | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | 31.3.2017 |

മേൽ മറുപടി താങ്കൾക്ക് തൃപ്തികരമല്ല എങ്കിൽ അപ്പീൽ അധികാരിയായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ & അപ്പലേറ്റ് അതോറിട്ടി, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ - 33, തിരുവനന്തപുരം എന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

S. L ശ്യാം ശങ്കർ,
സീനിയർ സൂപ്രണ്ട് & സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്

Dh/-